## കമ്പനിയെ പ്രതിയാക്കാതെ ഉദ്യോഗസ്ഥരെ മാത്രം പ്രതികളാക്കിയ ക്രിമിനൽ കേസ് റദ്ദാക്കി

### മദ്രാസ് ഹൈക്കോടതി

Crl. O.P. No. 10643/2013 Dt. 28.1.2020

കെ.ആർ. മോഹൻ

x

ലേബർ എൻഫോഴ്സ്മെന്റ് ഓഫീസർ

ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് എന്ന കമ്പനി അതിന്റെ ഫാക്ടറിയിലെ ജോലികൾ പലതും കരാറുകാരെയാണ് ഏല്പിച്ചിട്ടുള്ളത്. കരാറുകാരുടെ കീഴിൽ നിരവധി തൊഴിലാളികളുണ്ട്. കരാറുകാർക്ക് പ്രവൃത്തികൾ ഏല്പിച്ചുകൊടുക്കാൻ കമ്പനിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. അതുപോലെ തന്നെ കരാറുകാർക്കും ലൈസൻസ് ലഭിച്ചിട്ടുണ്ട്. കരാറുകാരുടെ കീഴിൽ നിയമിക്കാവുന്ന നിശ്ചിത എണ്ണം തൊഴിലാളികളെ മാത്രമേ നിയമിക്കാവൂ എന്ന് ലൈസൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥ ലംഘിച്ചുകൊണ്ട് കൂടുതൽ തൊഴിലാളികളെ നിയമിക്കാൻ പ്രധാന തൊഴിലുടമ കരാറുകാരെ അനുവദിച്ചു. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് ഓഫീസർ ഫാക്ടറിയിൽ പരിശോധന നടത്തിയപ്പോൾ ലൈസൻസ് വ്യവസ്ഥകൾക്ക് വിരുദ്ധമായി അധികം കരാർ തൊഴിലാളികൾ നിയമിക്കപ്പെട്ടിട്ടുണ്ടെന്ന് കണ്ടുപിടിച്ചു. തുടർന്ന് ഫാക്ടറിയുടെ ജനറൽ മേനേജരെ പ്രതിയാക്കി എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥൻ മജിസ്ട്രേറ്റ് കോടതിയിൽ പരാതി നല്കി. പരാതി ഫയലിൽ സ്വീകരിച്ച മജിസ്ട്രേറ്റ് കോടതി പ്രതിക്ക് സമൻസയച്ചു. ഇതിനെതിരെ പ്രതി ഹൈക്കോടതിയിൽ ഹർജി നല്കി. കമ്പനി നിയമം ലംഘിച്ചതിന് ജനറൽ മേനേജരെ മാത്രം പ്രതിയാക്കിയ പരാതി നിയമപ്രകാരം നിലനില്ക്കില്ലെന്ന് വാദിച്ച പ്രതി തനിക്കെതിരെയുള്ള ക്രിമിനൽ കേസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടു. കമ്പനി കുറ്റം ചെയ്തുവെന്ന് തെളിഞ്ഞാൽ മാത്രമേ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെ ശിക്ഷിക്കാനാവൂ എന്ന് പ്രതി ചൂണ്ടിക്കാട്ടി. കരാർ തൊഴിലാളികളെ നിയമിക്കാനുള്ള ലൈസൻസ് വ്യവസ്ഥകൾ ലംഘിച്ച് അധികം തൊഴിലാളികളെ നിയമിച്ചതിന്റെ പൂർണ്ണ ഉത്തരവാദിത്വം ജനറൽ മേനേജർക്കാണെന്ന് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥൻ വാദിച്ചു. ഈ സാഹചര്യത്തിൽ കമ്പനിയെ പ്രതിയാക്കാതെ തന്നെ ജനറൽ മേനേജർക്കെതിരെയുള്ള ക്രിമിനൽ കേസ് നിലനില്ക്കുമെന്നും എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥൻ ബോധിപ്പിച്ചു. കുറ്റം ചെയ്തതിന്റെ ബാധ്യത കമ്പനിക്കുണ്ടെങ്കിൽ മാത്രമേ കമ്പനിയുടെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെ ശിക്ഷിക്കാനാവൂ എന്ന് ഹൈക്കോടതി നിരീക്ഷിച്ചു. കമ്പനിയെ പ്രതിയാക്കാതെ ഉദ്യോഗസ്ഥനെ മാത്രം പ്രതിയാക്കിയ ക്രിമിനൽ കേസ് നിലനില്ക്കില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി മജിസ്ട്രേറ്റ് കോടതിയുടെ സമൻസും പ്രതിക്കെതിരെയുള്ള ക്രിമിനൽ കേസും സകല തുടർനടപടികളും റദ്ദാക്കി.